## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 4883 — 21.10.2011 -ൽ മറുപടിയ്ക്ക്

### വനവിഭവങ്ങൾ ശേഖരിയ്ക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പി. വിൻസെന്റ്<br>,, ലൂഡി ലൂയിസ്<br>,, സണ്ണി ജോസഫ്<br>,, ഷാഫി പറമ്പിൽ | **ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി)** |
| എ) ശാസ്ത്രീയ രീതിയിൽ വനവിഭവങ്ങൾ ശേഖരിക്കുന്നതിന് ആദിവാസികൾക്ക് പരിശീലനം നൽകുമോ; | എ) ശാസ്ത്രീയ രീതിയിൽ വനവിഭവങ്ങൾ ശേഖരിക്കുന്നതിന് ആദിവാസികൾക്ക് പരിശീലനം ഘട്ടം ഘട്ടമായി നൽകിവരുന്നു. |
| ബി) ആദിവാസി വൈദ്യത്തിന്റെ നല്ല വശങ്ങൾ വനം വകുപ്പ് വികസിപ്പിക്കുമോ; | ബി) ആദിവാസി വൈദ്യത്തിന്റെ നല്ല വശങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ആദിവാസികളുടെ പരമ്പരാഗതമായ അറിവ് പ്രയോജനപ്പെടുത്തി ചികിത്സിക്കുന്നതിന് ഇക്കോടൂറിസം സെന്ററുകളിൽ ചികിത്സാ സൗകര്യങ്ങൾ ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) പ്രസ്തുത മേഖലയിൽ ഏതെങ്കിലും ഗവേഷണത്തിന് സഹായം നൽകിയിട്ടുണ്ടോ; | സി) ആദിവാസി വൈദ്യ മേഖലയിൽ ഗവേഷണത്തിനായി ഈ വിഭാഗത്തിൽ നിന്നും ധനസഹായം നൽകിയിട്ടില്ല. എന്നാൽ പശ്ചിമഘട്ടത്തിലെ പരമ്പരാഗത ഔഷധഗുണമുള്ള പന്നൽ ചെടികളിലെ (ടെറിഡോഫൈറ്റ്സ്) ഔഷധഗുണമുള്ള ഘടകം കണ്ടെത്തുന്നതിനായി (Pharmacological Screening) 2001-04, 2004-06 എന്നീ കാലഘട്ടങ്ങളിൽ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിക്ക് 2 ഘട്ടങ്ങളായി ഗവേഷണ പ്രോജക്ടുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| ഡി) എങ്കിൽ ഗവേഷണത്തിന് ചെലവഴിച്ച തുക യഥാവിധി ഉപയോഗിക്കപ്പെട്ടിട്ടുണ്ടോ എന്നു വിശദമാക്കുമോ ? | ഡി) 19.60 ലക്ഷം രൂപയുടെ ധനസഹായം ടി ഗവേഷണത്തിനായി നൽകിട്ടുണ്ട്. ഗവേഷണത്തിന്റ ഒന്നാം ഘട്ടത്തിന്റെ ഫൈനൽ റിപ്പോർട്ടും, രണ്ടാം ഘട്ടത്തിന്റെ പ്രോഗ്രസ് റിപ്പോർട്ടും ലഭിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ